# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 1, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

<u>അഴിമതികൾ തടയാൻ സംവിധാനം</u>

*451 ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അഴിമതികൾ സംബന്ധിച്ച വിവരങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ ആഫീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) എങ്കിൽ ഇതിനായി ഏർപ്പെടുത്തപ്പെട്ട സംവിധാനം വഴി ലഭിച്ച വിവരങ്ങളുടെയടിസ്ഥാനത്തിൽ ഏതെല്ലാം അഴിമതികൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി;

(സി) ഏതെല്ലാം അഴിമതിക്കുള്ള നീക്കങ്ങൾ തടയുവാൻ സാധ്യമായിട്ടുണ്ട്;

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

(ഡി) ഇതിനായുള്ള സംവിധാനത്തിൽ നിയോഗിക്കപ്പെട്ട ആർക്കെങ്കിലും എതിരെ അഴിമതി ആക്ഷേപം ഉണ്ടായിട്ടുണ്ടോ; മുഖ്യ മന്ത്രിയുടെ ആഫീസിൽ നിന്നും എത്ര പേരെ ഇതിനകം ഒഴിവാക്കേണ്ടതായി വന്നു എന്നും ഇവർക്കെതിരെയുള്ള ആക്ഷേപങ്ങൾ എന്തായിരുന്നു എന്നും അറിയിക്കുമോ;

(ഇ) മുഖ്യമന്ത്രിയുടെ ആഫീസിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച് വിദഗ്ദ്ധരിൽ നിന്ന് വാങ്ങിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

## കേന്ദ്രത്തിന് മുന്നിൽ ഉന്നയിച്ച സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

*452 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. കെ. ബാലൻ
,, ഇ. പി. ജയരാജൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ സംഘം കഴിഞ്ഞ റെയിൽവേ, പൊതു കേന്ദ്ര ബജറ്റുകൾക്കു ശേഷം ബഹു. പ്രധാനമന്ത്രിയും മറ്റ് മന്ത്രിമാരുമായും നടത്തിയ ചർച്ചകളിൽ ഉന്നയിച്ച സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; ആവശ്യങ്ങൾ വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ബി) ഇവയിൽ ഏതെല്ലാം ആവശ്യങ്ങളിൻമേൽ കേന്ദ്രഗവൺമെന്റ് ഇതിനകം തീരുമാനം എടുത്ത് അറിയിച്ചിട്ടുണ്ട്; അറിയിച്ച തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; അറിയിക്കുമോ;

(സി) സംസ്ഥാനം പുതുതായി ആവശ്യപ്പെട്ട പ്രത്യേക പാക്കേജുകൾ ഏതൊക്കെയായിരുന്നു എന്നും അവയിൽ ഏതൊക്കെ പരിഗണിക്കപ്പെട്ടു എന്നും ഇവയുടെ ഭാഗമായി എത്ര കോടി രൂപ അധികമായി സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>വനം കയ്യേറ്റം</u>

*453 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സാജു പോൾ
,, എസ്. രാജേന്ദ്രൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ വനംകയ്യേറ്റം നടക്കുന്നതായി കേന്ദ്ര–വനം പരിസ്ഥിതി മന്ത്രാലയം റിപ്പോർട്ടു ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വന വിസ്തൃതിയിൽ വന്ന മാറ്റം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേരളത്തിൽ എത്ര ഏക്കർ വനഭൂമിയിൽ കയ്യേറ്റം നടന്നതായി കരുതുന്നു; ഈ ഭൂമി വൻകിട കയ്യേറ്റക്കാരിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാരുടെ ക്ഷേമപ്രവര്‍ത്തനങ്ങള്‍</u>
<u>ഏകോപിപ്പിക്കുന്നതിന് പദ്ധതി</u>

*454 ശ്രീ. വി. പി. സജീന്ദ്രന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, ബെന്നി ബെഹനാന്‍
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗക്കാരുടെ ക്ഷേമപ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി സ്പെഷ്യല്‍ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സ്പെഷ്യല്‍ ഓഫീസറുടെ ചുമതലകളും കര്‍ത്തവ്യങ്ങളും എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടി</u>

*455 ശ്രീ.പി. കെ. ബഷീർ
'' കെ. മുഹമ്മദുണ്ണി ഹാജി
'' എം. ഉമ്മർ
''എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ നിന്നു ഉൾക്കൊള്ളാനായ അനുഭവങ്ങൾ രണ്ടാം ഘട്ട പരിപാടിയുടെ വിജയത്തിന് ഉപയോഗപ്രദമാക്കാൻ എന്തൊക്കെ മുന്നൊരുക്കങ്ങളാണ്
സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ടാം ഘട്ടത്തിൽ, ഒന്നാം ഘട്ടത്തിൽ പരിഹരിക്കാനാവാത്തതും. സെക്രട്ടേറിയറ്റുൾപ്പെടെ വർഷങ്ങളോളമായി കുടിശ്ശികയായിക്കിടപ്പുള്ളതുമായ ജനകീയ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിന് പ്രത്യേകം പ്രാധാന്യം നല്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പുകേസ് അന്വേഷിക്കാൻ പ്രത്യേക പോലീസ് സംഘം</u>

*456 ശ്രീ. ബി. ഡി. ദേവസ്സി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസിലെ പ്രതികളും മുഖ്യമന്ത്രിയും തമ്മിൽ ഉണ്ടായിരുന്നതായി ഉയർന്നുവന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചിട്ടുണ്ടോ;

(ബി) ആരുടെ നേതൃത്വത്തിലുളളതാണ് അന്വേഷണ സംഘം; സംഘത്തിൽ ആരെല്ലാം ഉണ്ട്; അന്വേഷണ വിഷയങ്ങൾ എന്തെല്ലാമാണ്;

(സി) അന്വേഷണ ഭാഗമായി ഇതിനകം ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; മുഖ്യമന്ത്രിയെ ചോദ്യം ചെയ്യുകയുണ്ടായോ; മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്നതും, ഇപ്പോൾ ഉളളതുമായ ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി;

(ഡി) ആരോപണങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഭരണത്തിൻകീഴിലുളള ഉദ്യോഗസ്ഥന്മാരെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിലെ അനൗചിത്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഇ) ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം സർക്കാർ പരിഗണിക്കാതിരിക്കുന്നത് എന്ത്കൊണ്ടാണ്?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>കോടതി തീർപ്പുകൽപ്പിച്ച കേസുകളിൽ തുടരന്വേഷണം</u>

*457 ശ്രീ. ജെയിംസ് മാത്യു
,, കെ. സുരേഷ് കുറുപ്പ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടതി തീർപ്പ് കൽപ്പിച്ച കേസുകളിൽ പുതിയ തെളിവുകളും വെളിപ്പെടുത്തലുകളും ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കക്ഷികൾ തുടരന്വേഷണം ആവശ്യപ്പെട്ടാൽ അത്തരം കേസുകളിൽ എടുക്കുന്ന പൊതുവായ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ ഏതെല്ലാം ആവശ്യങ്ങൾ പരിഗണിക്കുകയുണ്ടായി; പരിഗണിച്ച കേസുകളിൽ എടുത്ത നിലപാടുകൾ എന്തായിരുന്നു;

(സി) ഒരേ സ്വഭാവമുള്ള കേസുകളിൽ രണ്ടുതരം സമീപനം സ്വീകരിക്കുകയുണ്ടായോ; രാഷ്ട്രീയ പ്രേരിതമായി വിവേചനത്തോടെ കേസുകളിൽ നിലപാട് സ്വീകരിക്കുന്നുവെന്ന ആക്ഷേപത്തെപ്പറ്റി നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സീനിയര്‍ സിറ്റിസണ്‍സ് ബ്യൂറോ</u>

*458 ശ്രീ. എം. പി. വിന്‍സെന്റ്
,, അന്‍വര്‍ സാദത്ത്
,, എ. റ്റി. ജോര്‍ജ്
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സീനിയര്‍ സിറ്റിസണ്‍സ് ബ്യൂറോ പ്രാവര്‍ത്തികമാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മുതിര്‍ന്ന പൗരന്‍മാരെ സഹായിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ബ്യൂറോയില്‍ ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ഇത്തരം ബ്യൂറോകള്‍ പ്രവര്‍ത്തിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ഫയൽ തീർപ്പാക്കുന്നതിലെ അനാവശ്യകാലതാമസം</u>

*459 ശ്രീ. സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ, പുരോഗമനപരമായ വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവ നടപ്പാക്കിയിട്ടും, ഫയലുകളിൽ തീരുമാനമെടുക്കുന്നതിലും, ജനങ്ങൾക്ക് സമയബന്ധിതമായി നീതി ലഭ്യമാക്കുന്നതിനും അനാവശ്യ കാലതാമസം ഇപ്പോഴും നിലനിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കപ്പെട്ട കേസുകളിൽ ഇനിയും പരിഹാരമാവാതെ ശേഷിക്കുന്നവയെക്കുറിച്ച് പരിശോധിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

സമഗ്ര മത്സ്യമേഖല വികസന പദ്ധതി

*460 ശ്രീ. വി. ശശി
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര മത്സ്യമേഖല വികസന പദ്ധതികൾക്ക് നബാർഡ് എത്ര കോടി രൂപയാണ് നല്കാനുളളത്; ഈ തുക തീരദേശ വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുക കൈമാറാനുളള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി പാർപ്പിട പദ്ധതിയ്ക്കുളള എത്ര തുകയാണ് ഹഡ്കോ തീരദേശ കോർപ്പറേഷന് കൈമാറാനുളളത്; ഈ തുക എത്രയും വേഗം കൈമാറുന്നതിന് എന്തു നടപടികളാണെടുത്തു വരുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ</u>

*461 ശ്രീ. ആർ. സെൽവരാജ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>ഡെഡ്സ്റ്റോക്കുളള മദ്യം നശിപ്പിക്കുന്ന നടപടിക്രമം</u>

*462 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുകീഴിൽ എത്ര ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ഔട്ട്ലെറ്റുകളിലെല്ലാംകൂടി എത്ര തുകയുടെ മദ്യമാണ് ഡെഡ്സ്റ്റോക്കുളളത്; ഒരു ഔട്ട്ലെറ്റിൽ പരമാവധി എത്ര തുകയുടെ ഡെഡ്സ്റ്റോക്കാണ് ഉണ്ടാകാറുളളതെന്ന് വ്യക്തമാക്കുമോ;

(സി) ഡെഡ്സ്റ്റോക്കുളള മദ്യം നശിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; എത്ര സമയം കഴിയുമ്പോഴാണ് ഇവ നശിപ്പിക്കുന്നത്; ഇവയുടെ നശിപ്പിക്കൽ പ്രക്രിയ കൃത്യമായി നടക്കാറുണ്ടോ;

(ഡി) ഡെഡ്സ്റ്റോക്ക് മദ്യം വില്പന നടത്തിയ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം</u>

*463 ശ്രീ. റ്റി. വി. രാജേഷ്
,, ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാരം നൽകിയോ; കമ്മീഷൻ എന്തൊക്കെ നിർദ്ദേശങ്ങളായിരുന്നു നൽകിയത്;

(ബി) ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമായി കേന്ദ്രത്തിൽ നിന്നും എത്ര സഹായം ലഭിച്ചെന്നറിയിക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിനായി കേന്ദ്രത്തിൽ നിന്ന് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിരുന്നോ; കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ഡി) മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ; അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ഇ) ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനായി ഒരു ട്രൈബ്യൂണൽ സ്ഥാപിക്കാൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതി</u>
<u>തള്ളാൻ നടപടി</u>

*464 ഡോ: എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിലായ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിതളളാൻ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ;

(ബി) കടാശ്വാസത്തിനായി ലഭിച്ചിട്ടുളള അപേക്ഷകൾ പ്രകാരം എത്ര തുകയുടെ ബാധ്യതയാണുളളതെന്ന് അറിയിക്കുമോ;

(സി) കടബാധ്യതയിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതി തളളുന്നതിന് പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കടാശ്വാസത്തിനായി ഇതുവരെ അപേക്ഷിക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷ നൽകുന്നതിന് 2013 ജൂലൈ 31 വരെ സാവകാശം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ഇലക്ട്രോണിക് ബീറ്റ് മോണിറ്ററിംഗ് സംവിധാനം

*465 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (ആർ.എഫ്.ഐ.ഡി) അധിഷ്ഠിതമായ ഇലക്ട്രോണിക് ബീറ്റ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ഏതെല്ലാം നഗരങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>മണ്‍സൂണ്‍ കാലത്ത് ആദിവാസികള്‍ നേരിടേണ്ടി വരുന്ന പ്രയാസങ്ങള്‍</u>

*466 ശ്രീ. കെ. എന്‍. എ. ഖാദര്‍
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മണ്‍സൂണ്‍ കാലത്ത് ആദിവാസികള്‍ നേരിടേണ്ടിവരുന്ന പ്രയാസങ്ങള്‍ ലഘൂകരിക്കുന്നതിന് സ്വീകരിച്ച മുന്‍കരുതല്‍ നടപടികള്‍ വിശദമാക്കുമോ ;

(ബി) മഴക്കാലത്ത് ആദിവാസികോളനികളില്‍ ഉണ്ടാകാനിടയുള്ള ഭക്ഷ്യദൗര്‍ലഭ്യവും രോഗപീഢകളും നേരിടുന്നതിന് ഏര്‍പ്പെടുത്തിയിട്ടുള്ള സംവിധാനങ്ങള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചിരുന്നോ ; എങ്കില്‍ യോഗത്തില്‍ ചര്‍ച്ച ചെയ്ത പ്രധാന പ്രശ്നങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>യുവസംരംഭകർക്ക് തുടർസഹായത്തിന് പദ്ധതി</u>

*467 ശ്രീ. ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവസംരംഭകർക്ക് തുടർസഹായത്തിന് യുവജനക്ഷേമ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) യുവാക്കളിൽ സംരംഭക മനോഭാവം വളർത്തി, സ്ഥാപനങ്ങളുടെ പ്രവർത്തനം സാമ്പത്തികമായി തൃപ്തികരമാക്കുന്നതുവരെ സാമ്പത്തിക - സാങ്കേതിക സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം സാമ്പത്തിക ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

കള്ളിന്റെ രാസഘടന ശാസ്ത്രീയമായി നിശ്ചയിക്കുന്നതിന് നടപടി

*468 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' സി. പി. മുഹമ്മദ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളിന്റെ രാസഘടന ശാസ്ത്രീയമായി നിർവ്വചിച്ചിട്ടില്ലാത്തതിനാൽ നിരവധി അബ്കാരി കേസുകളിൽ സർക്കാർ ഭാഗം പരാജയപ്പെടുന്നതായി ഉയരുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളിന്റെ രാസഘടന ശാസ്ത്രീയമായി നിശ്ചയിക്കുന്നതിന് പഠന സംഘത്തെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എത്ര കാലയളവിനുള്ളിൽ പഠന റിപ്പോർട്ട് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പഠനത്തിന് ആവശ്യമായ ചെലവ് ആരാണ് വഹിക്കുന്നത്; പഠനത്തിനായി എന്തു ചെലവ് പ്രതീക്ഷിക്കുന്നു?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സ്പെഷ്യൽ വെപ്പൺസ് ആൻഡ് ടാക്റ്റിക്സ് ടീം</u>

*469 ശ്രീ. പാലോട് രവി
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് സ്പെഷ്യൽ വെപ്പൺസ് ആന്റ് ടാക്റ്റിക്സ് ടീം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കുറ്റകൃത്യങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ എന്തെല്ലാം നടപടികളാണ് ടീം കൈക്കൊള്ളുന്നത്; വിശദമാക്കുമോ;

(ഡി) ഈ സംവിധാനത്തിന് ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>പാരിസ്ഥിതിക പ്രശ്നങ്ങൾ</u>

*470 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പുരുഷൻ കടലുണ്ടി
,, പി. ശ്രീരാമകൃഷ്ണൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന മുഖ്യ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും അവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതായി കണ്ടെത്തിയ പ്രശ്നങ്ങൾ എന്തൊക്കെയാണ്; അതിനായി കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഈ വർഷത്തെ പദ്ധതികളെക്കുറിച്ചും അവ നടപ്പിലാക്കുന്നതിലെ പുരോഗതി സംബന്ധിച്ചും ബജറ്റിൽ വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

സൗരോർജ്ജ തട്ടിപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ

*471 ശ്രീ. സി.കെ. സദാശിവൻ
,, എം. ചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ തട്ടിപ്പുകാരുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ആഫീസ് നിമയവിരുദ്ധ ഇടപെടലുകൾ നടത്തിയെന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ പ്രത്യേക പോലീസ് സംഘം അന്വേഷണം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; എന്തെല്ലാം രേഖകൾ പിടിച്ചെടുത്തിട്ടുണ്ട്; അറസ്റ്റു ചെയ്യപ്പെട്ടവർ ആരൊക്കെ; ആരുടെയെല്ലാം ഫോൺ സന്ദേശങ്ങളും ഫോൺ വിളികളും സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി;

(സി) മുഖ്യമന്ത്രിയുടെ ഓഫീസ് ഇത്തരം ഏതെല്ലാം കേസുകളിൽ ഇടപെടൽ നടത്തിയിട്ടുണ്ടെന്ന് അന്വേഷിക്കുകയുണ്ടായോ; ഇതിനായി ഏതെങ്കിലും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി ചർച്ച ചെയ്തിട്ടുള്ളതായി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; ഫോണിൽ ആരെയെങ്കിലും വിളിച്ച് നിർദ്ദേശങ്ങൾ നൽകുകയുണ്ടായോ എന്ന കാര്യം അന്വേഷിക്കുകയുണ്ടായോ;

(ഡി) തട്ടിപ്പ് സംഘത്തിൽപ്പെട്ട ബിജു രാധാകൃഷ്ണന്റെയും സരിത എസ്.നായരുടെയും ഫോണിൽ നിന്നും, തിരിച്ചും ചെയ്ത ഫോൺ കോളുകളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ക്രൈം റിക്കാർഡ്സ് ബ്യൂറോ

*472 ശ്രീ. വർക്കല കഹാർ
,, ലൂഡി ലൂയിസ്
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ ആരംഭിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ചുമതലകൾ എന്തെല്ലാ മാണെന്നും ഇതിനായി വകുപ്പിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ആസ്ഥാനം എവിടെയാണ് ;

(ഡി) എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

**ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ പരാതികൾ സ്വീകരിക്കുന്നതിനായി കൗണ്ടർ**

*473 ശ്രീ. സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ പോലീസ് സ്റ്റേഷനുകളിൽ നടപടി എടുക്കേണ്ട പരാതികൾ സ്വീകരിക്കുന്നതിനായി കൗണ്ടർ തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പരാതികൾ കൗണ്ടറിൽ ലഭിച്ചാൽ അതിൻമേലുള്ള തുടർനടപടികൾ എന്തെല്ലാമാണ്;

(ഡി) പരാതിയിൽ എടുത്ത നടപടിയുടെ വിവരം പരാതിക്കാരനെ അറിയിക്കുവാനുള്ള സംവിധാനം എന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

വിജിലൻസ് സംവിധാനം ദുരുപയോഗപ്പെടുത്തൽ

*474 ശ്രീ. ജി. സുധാകരൻ
,, എം. എ. ബേബി
,, സാജു പോൾ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സംവിധാനം ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതായി കേരള ഹൈക്കോടതി നിരീക്ഷിച്ചിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരമൊരു നിരീക്ഷണത്തിന് ഇടയാക്കിയ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ;

(ബി) ഇപ്പോഴത്തെ മന്ത്രിമാരുടെ പേരിലുളള വിജിലൻസ് കേസുകൾ പുനരന്വേഷണവും തുടരന്വേഷണവും നടത്തി ഇല്ലാതാക്കാനും എഴുതിത്തളളാനും രാഷ്ട്രീയ എതിരാളികൾക്കെതിരെ നിരന്തരം കേസെടുക്കാനും വിജിലൻസിനെ ദുരുപയോഗം ചെയ്തുവരുന്നതായ ആക്ഷേപം സംബന്ധിച്ച് കോടതിയുടെ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

ദേശീയപാത 212-ലെ രാത്രികാല ഗതാഗത നിരോധനം

*475 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
ശ്രീമതി കെ.കെ. ലതിക
ശ്രീ. പുരുഷന്‍ കടലുണ്ടി
,, കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ പാത 212-ലെ ബന്ദിപ്പൂര്‍ മേഖലയില്‍ രാത്രി കാല ഗതാഗത നിരോധനം തുടരുന്നതുമൂലമുള്ള പ്രശ്നത്തില്‍ പരിഹാരം ഉണ്ടാക്കാമോ;

(ബി) സംസ്ഥാന സര്‍ക്കാര്‍ ഈ പ്രശ്നത്തില്‍ സ്വീകരിച്ച നില പാട് കര്‍ണ്ണാടക സര്‍ക്കാര്‍ അംഗീകരിച്ചിട്ടുണ്ടോ;

(സി) കര്‍ണ്ണാടകയുമായുള്ള ചര്‍ച്ചയില്‍ കേരളം മുന്നോട്ടുവെച്ച നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാമായിരുന്നു; ഇവ അംഗീകരിപ്പിക്കാന്‍ സര്‍ക്കാര്‍ ഇനിയും ശ്രമം തുടരുമോ?

**കേരള നിയമസഭ**
**01.07.2013–ലെ മറുപടിക്ക്**

<u>സ്വാതന്ത്ര്യസമര സേനാനി തുടർ പെൻഷൻ കൂടുതൽ ആശ്രിതർക്ക് നൽകുന്നതിന് നടപടി</u>

*476 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാതന്ത്ര്യ സമരസേനാനി തുടർപെൻഷൻ കൂടുതൽ ആശ്രിതർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ആശ്രിതർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ശാരീരിക മാനസിക വൈകല്യമുള്ള ആശ്രിതർ എന്തെല്ലാം സർട്ടിഫിക്കറ്റുകളാണ് പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ടത്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**01.07.2013–ലെ മറുപടിക്ക്**

<u>സദാചാര പോലീസ്</u>

*477 ശ്രീമതി കെ. കെ. ലതിക
ശ്രീ. ബി. സത്യൻ
,, കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സദാചാര പോലീസ് ചമഞ്ഞ് ആക്രമണം അഴിച്ചുവിടുന്ന മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിച്ചിട്ടുണ്ടോ;

(ബി) സ്വൈരജീവിതത്തെ വെല്ലുവിളിക്കുന്ന ഇത്തരക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) സദാചാര പോലീസിന്റെ പേരിൽ സംസ്ഥാനത്തുണ്ടായ അതിക്രമങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളും സംബന്ധിച്ച് കണക്കുകൾ വിശദമാക്കാമോ;

(ഡി) ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസ് വിമുഖത കാണിക്കുന്നതുമൂലം സംസ്ഥാനത്താകെ ഇത്തരം സംഭവം വ്യാപിച്ചിരിക്കുന്നതായി അറിയാമോ ?

**കേരള നിയമസഭ**
**01.07.2013-ലെ മറുപടിക്ക്**

<u>യുവജന രക്തദാന സ്ക്വാഡുകൾ</u>

*478 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ആരോഗ്യരംഗത്ത് വർദ്ധിച്ചുവരുന്ന രക്തത്തിന്റെ ആവശ്യം പരിഗണിച്ച് യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കിടയിൽ രക്തദാനത്തിനായി ബോധവൽക്കരണം നടത്തുന്നതിനും പഞ്ചായത്തുതലത്തിൽ രക്തദാന സ്ക്വാഡുകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>യുവജന പങ്കാളിത്തം ഉറപ്പാക്കാൻ പദ്ധതി</u>

*479 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളോത്സവത്തിൽ വർദ്ധിച്ച യുവജന പങ്കാളിത്തം ഉറപ്പാക്കാൻ പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം സംഘങ്ങളെയാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>എക്സൈസ് സേനയിൽ വയർലെസ് സംവിധാനം</u>

*480 ശ്രീ. പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് സേനയിൽ വയർലെസ് സംവിധാനം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം എന്ത് തുക ഇതിനായി നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേയ്ക്കായി എക്സൈസ് സേനയിൽ ആധുനിക വയർലെസ് സംവിധാനം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 22.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ് [ചട്ടം 47(1)].